പത്രക്കുറിപ്പ്

# നിരോധിത പുകയില ഉൽപ്പന്നങ്ങളുടെ വൻശേഖരവുമായി ഒരാൾ പിടിയിൽ

കോവിഡ്-19

## വിലക്ക് ലംഘനം: 90 പേർക്കെതിരെ നിയമനടപടി 22,500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- നിരോധിത പുകയില ഉൽപ്പന്നങ്ങളുടെ വൻശേഖരവുമായി നഗരത്തിലെ മൊത്തവിൽപ്പനക്കാരനെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. മണക്കാട് സമാധി സ്ട്രീറ്റിൽ ശ്രീനഗറിൽ രാജേഷ് കുമാർ (46)- നെയാണ് ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീമിന്റെ സഹായത്തോടെ ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്തത്. ഇയാളുടെ വീട്ടിൽ നിന്നും വിൽപ്പനയ്ക്കായി സൂക്ഷിച്ചിരുന്ന രണ്ട് ലക്ഷം രൂപയോളം വില വരുന്ന പുകയില ഉൽപ്പന്നങ്ങളും പോലീസ് പിടിച്ചെടുത്തു.



ഫോർട്ട് പോലീസ് അറസ്റ്റ് ചെയ്ത
രാജേഷ് കുമാർ (46)

നിയമസഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ലഹരി വസ്തുക്കളുടെ കടത്തും

വിപണനവും തടയുന്നതിനായി ഡെപ്യൂട്ടി കമ്മീഷണർ ഡോ.വൈഭവ് സക്സേനയുടെ നിർദ്ദേശാനുസരണം പ്രത്യേക ടീം രൂപീകരിച്ച് നടത്തി വരുന്ന സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായുള്ള അന്വേഷണത്തിലാണ് ഇയാൾ കുടുങ്ങിയത്. നാർക്കോട്ടിക് സെൽ അസി: കമ്മീഷണർ പ്രദീപ്കുമാറിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ, നഗരത്തിലെ ചില്ലറ വിൽപ്പനക്കാർക്ക് പുകയില ഉൽപ്പന്നങ്ങൾ മൊത്തവിൽപ്പന നടത്തുന്ന രാജേഷിനെ ഡാൻസാഫ് ടീം ദിവസങ്ങളായി നിരീക്ഷിച്ചു വരികയായിരുന്നു. ഇയാളുടെ നീക്കങ്ങൾ മനസിലാക്കിയ ടീം ഫോർട്ട് പോലീസുമായി ചേർന്ന് നടത്തിയ പരിശോധനയിലാണ് ഇയാളുടെ മണക്കാടുള്ള വീട്ടിൽ 15 ചാക്കുകളിലായി സൂക്ഷിച്ചിരുന്ന നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടികൂടിയത്. ഫോർട്ട് എസ്.എച്ച്.ഒ ബിനു.സി, എസ്.ഐ സജു എബ്രഹാം, ഡാൻസാഫ് എസ്.ഐ-മാരായ ഗോപകുമാർ, അശോക് കുമാർ, ടീം അംഗങ്ങളായ സജി, വിനോദ്, രഞ്ജിത്, അരുൺ, ഷിബു, നാജിബഷീർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. വരും ദിവസങ്ങളിലും നാർക്കോട്ടിക് പരിശോധനകൾ ഊർജ്ജിതമായി തുടരുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (18-03-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 90 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 42

പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 42 പേരിൽ നിന്നും, സാമൂഹിക അകലം പാലിക്കാത്ത 3 പേരിൽ നിന്നുമായി 22,500/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 3 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
18-03-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി